# ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം)എറണാകുളം

## പാർക്ക് അവന്യൂ, എറണാകുളം – 682 011

☎ 0484 -2360802 ✉ dmohekmoffice@gmail.com

'ഭരണഭാഷ മാതൃഭാഷ'

രജിസ്റ്റേർഡ് കത്ത് – കൈപ്പറ്റ് രശീതി സഹിതം

നമ്പർ : എ6-811484/2024 തീയതി: 03.01.2025

## കാരണം കാണിക്കൽ നോട്ടീസ്

## അനുബന്ധം H4

ശ്രീമതി അന്നുമോൾ കുര്യൻ എന്ന താങ്കൾ, എറണാകുളം ജനറൽ ആശുപത്രിയിൽ സ്റ്റാഫ് നേഴ്സ് ഗ്രേഡ് II തസ്തികയിൽ ജോലി നോക്കിവരവെ, 16.01.2015-ന് അപരാഹ്നത്തിൽ 5 വർഷത്തെ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും എറണാകുളം ജനറൽ ആശുപത്രിയിൽ നിന്നും വിടുതൽ ചെയ്യപ്പെട്ടിട്ടുള്ളതുമാണ്. 06.08.2014-ൽ സേവനത്തിൽ പ്രവേശിച്ച താങ്കൾ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് മുമ്പായി 16.01.2015 മുതൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ചിരുന്നു. അനുവദിച്ച് കിട്ടിയ 5 വർഷത്തെ അവധി അവസാനിച്ച ശേഷം 16.01.2020-ൽ താങ്കൾ ജോലിയ്ക്ക് തിരികെ പ്രവേശിക്കുവാൻ അപേക്ഷ നല്കുകയോ അവധി നീട്ടികിട്ടുന്നതിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിരുന്നില്ല.

മേൽക്കാരണങ്ങളാൽ, താങ്കളുടെ Work & Conduct തൃപ്തികരമല്ല. ഈ സാഹചര്യത്തിൽ 1958-ലെ KS&SSR Part II ചട്ടം 19(a)(ii) പ്രകാരം താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവ്വീസിൽ നിന്നും നീക്കം ചെയ്യാനും താല്ക്കാലികമായി തീരുമാനിക്കുന്നു. ടി. തീരുമാനത്തിനെതിരായി താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്.

ടി വിഷയത്തിൽ താങ്കളെ നേരിട്ട് കേൾക്കണം എന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ആയത് ഈ നോട്ടീസിനുള്ള മറുപടിയിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്. തൻസംബന്ധമായ വിശദീകരണം താങ്കളിൽ നിന്നും ടി കാലയളവിനുള്ളിൽ ലഭിക്കാത്ത പക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യാനുള്ള താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

ഡോ. ആശാദേവി,
ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം),
എറണാകുളം.

OFFICE OF THE DISTRICT MEDICAL OFFICER OF HEALTH
Date ..........
PIN: 682 011
ERNAKULAM

**സ്വീകർത്താവ് :**

ശ്രീമതി അന്നുമോൾ കുര്യൻ,
കല്ലുവീട്ടംകുഴിയിൽ വീട്,
അമലഗിരി, കോട്ടയം – 686036

**പകർപ്പ് :**

1. സൂപ്രണ്ട്, ജനറൽ ആശുപത്രി, എറണാകുളം.
2. ഫയൽ/കരുതൽ ഫയൽ.

എം